©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2018 മേയ് 3<br>3rd May 2018<br>1193 മേടം 20<br>20th Medam 1193<br>1940 വൈശാഖം 13<br>13th Vaisakha 1940 | നമ്പർ<br>No. 1181 |

## കേരള സർക്കാർ

### തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 29/2018/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 2018 ഏപ്രിൽ 17 / 1193 മേടം 4.*

**എസ്. ആർ. ഒ. നമ്പർ 276/2018.**—2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9) 51-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 1994 മേയ് 18-ാം തീയതിയിലെ സ. ഉ. (കൈയെഴുത്ത്) 114/94/എൽ.എ.ഡി. നമ്പരായി പുറപ്പെടുവിച്ചതും 1994 മേയ് 19-ാം തീയതിയിലെ 50-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 681/94 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ, പ്രസ്തുത ആക്റ്റിന്റെ 56-ാം വകുപ്പിലെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി 2018 ഏപ്രിൽ 17-ാം തീയതി പ്രാബല്യത്തോടുകൂടി താഴെ പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തി ഗോശ്രീദ്വീപ് വികസന അതോറിറ്റി രൂപീകരിക്കുന്നു, അതായത്:—

## പട്ടിക

**പഞ്ചായത്തുകൾ**

1. ഫോർട്ട് വൈപ്പിൻ (ഫോർട്ട് കൊച്ചി വില്ലേജിലെ 281 മുതൽ 340 വരെയുള്ള സർവ്വേ നമ്പരുകൾ അടങ്ങുന്ന കൊച്ചി കോർപ്പറേഷൻ ബി ഡിവിഷന്റെ ഭാഗം)
2. ഗുണ്ടു ഐലൻഡ് (ഫോർട്ട് കൊച്ചി വില്ലേജിലെ 1051, 1053, 1080, 1081 എന്നീ സർവ്വേ നമ്പരുകൾ അടങ്ങുന്ന കൊച്ചി കോർപ്പറേഷൻ ഡിവിഷന്റെ ഒന്നിന്റെ ഭാഗം)
3. താന്തോന്നിതുരുത്ത് (കണയന്നൂർ താലൂക്കിലെ മുളവുകാട് വില്ലേജിലെ 393 മുതൽ 402 വരെയുള്ള സർവ്വേ നമ്പരുകൾ അടങ്ങുന്ന കൊച്ചി കോർപ്പറേഷനിലെ നാൽപ്പത്തഞ്ചാം ഡിവിഷന്റെ ഭാഗം)
4. കുഴുപ്പിള്ളി പഞ്ചായത്ത്
5. പള്ളിപ്പുറം പഞ്ചായത്ത്
6. എടവനക്കാട് പഞ്ചായത്ത്
7. നായരമ്പലം പഞ്ചായത്ത്
8. ഞാറക്കൽ പഞ്ചായത്ത്
9. എളംകുന്നപ്പുഴ പഞ്ചായത്ത്
10. മുളവുകാട് പഞ്ചായത്ത്
11. കടമക്കുടി പഞ്ചായത്ത്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ബി. അശോക്,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9) 51-ാം വകുപ്പിലെ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും റദ്ദാക്കപ്പെട്ട 1108-ലെ ടൗൺ പ്ലാനിംഗ് ആക്റ്റിലെയും 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്റ്റിലെയും വ്യവസ്ഥകൾ പ്രകാരം ഗോശ്രീദ്വീപ് വികസന അതോറിറ്റി രൂപീകരിച്ച വിജ്ഞാപനം അതിലംഘിച്ചുകൊണ്ടും പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തിയും ഗോശ്രീദ്വീപ് വികസന അതോറിറ്റി രൂപീകരിക്കുന്നതിന് കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

## GOVERNMENT OF KERALA

**Local Self Government (IA) Department**

NOTIFICATION

G. O. (P) No. 29/2018/LSGD.

*Dated, Thiruvananthapuram, 17th April, 2018 / 4th Medam, 1193.*

**S. R. O. No. 276/2018.**—In exercise of the powers conferred by sub-section (1) of section 51 of the Kerala Town and Country Planning Act, 2016 (9 of 2016), and in supersession of the notification issued under G. O. (Ms.) No. 114/94/LAD dated 18th May, 1994 and published as S. R. O. No. 681/94 in the Kerala Gazette Extraordinary No. 50 dated 19th May, 1994, the Government of Kerala hereby constitute with effect from 17th April, 2018, "The Goshree Island Development Authority" to exercise the powers and to perform the functions under section 56 of the said Act for the area specified in the Schedule below, namely:—

SCHEDULE

The area comprised in:—

**Panchayat**

1. Fort Vypeen (Part of Division No. B of the Corporation of Kochi comprising Survey Nos. 281 to 340 of Fort Kochi Village)

2. Gundu Island (Part of Division No. 1 of Corporation of Kochi comprising Survey Nos. 1051, 1053, 1080 and 1081 of Fort Kochi Village)
3. Thanthonnithuruthu (Part of Division No. 45 of the Corporation of Kochi comprising Survey Nos. 393 to 402 of Mulavukad Village in Kanayannur Taluk)
4. Kuzhuppilly Panchayat
5. Pallippuram Panchayat
6. Edavanakkad Panchayat
7. Nayarambalam Panchayat
8. Njarakkal Panchayat
9. Elamkunnapuzha Panchayat
10. Mulavukad Panchayat
11. Kadamakudy Panchayat.

By order of the Governor,

Dr. B. Ashok,
*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Government have decided to constitute the Goshree Islands Development Authority in exercise of the powers conferred under section 51 of the Kerala Town and Country Planning Act, 2016 (9 of 2016) by superseding the notification constituting the Goshree Islands Development Authority under the repealed Town Planning Act, 1108 and the Madras Town Planning Act, 1920 with the areas specified in the schedule.

The notification is intended to achieve the above object.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.